(ഡി) പിരിച്ചുവിട്ടവരുടെ കാര്യത്തിൽ വിവേചനം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദവിവരങ്ങൾ നൽകുമോ;

(എഫ്) നിയമനം നടത്തിയതും പിരിച്ചുവിടൽ നടപടി സ്വീകരിച്ചതും ഒരേ ബോർഡ് ഓഫ് ഡയറക്ടേഴ്സ് ആണോ?

ഉത്തരം

(എ) കേരള സംസ്ഥാന സഹകരണ എംപ്ലോയീസ് പെൻഷൻ ബോർഡിൽ 1996-ൽ 10 പേരെ നേരിട്ട് നിയമിച്ചിട്ടുണ്ട്. താഴെപ്പറയുന്ന തസ്തികകളിൽ ആണ് നിയമനം നടത്തിയിട്ടുള്ളത്.

എൽ.ഡി. ക്ലാർക്ക്/ അക്കൗണ്ടന്റ്	-	6
ടൈപ്പിസ്റ്റ്	-	1
അറ്റൻഡർ	-	2
പാർട്ട്ടൈം സ്വീപ്പർ	-	1

(ബി) 6 പേരെ പിരിച്ചുവിട്ടിട്ടുണ്ട്. 4 പേർ സർവ്വീസിൽ തുടരുന്നുണ്ട്.

(സി) എൽ.ഡി. ക്ലാർക്ക്/അക്കൗണ്ടന്റുമാരുടെ നിയമന നടപടികളിൽ മാർക്ക് ലിസ്റ്റിൽ മിനിട്ട്സ്ബുക്ക് തുടങ്ങിയ ബന്ധപ്പെട്ട രേഖകളിൽ കൃത്രിമം കാണിക്കുക മുതലായ നിയമവിരുദ്ധവും ഗുരുതരവുമായ ക്രമക്കേടുകൾ, ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾക്ക് സർക്കാരിന്റെ അനുമതി വാങ്ങാതിരിക്കുക എന്നീ കാരണങ്ങളാലാണ് ഇവരെ പിരിച്ചുവിട്ടിട്ടുള്ളത്. സേവന വേതന വ്യവസ്ഥകൾക്ക് സർക്കാരിന്റെ അനുമതി വാങ്ങിയിരുന്നില്ല എന്ന കാരണം പിരിച്ചുവിടാതെ സർവ്വീസിൽ തുടരുന്നവർക്കു ബാധകമാണ്.

(ഡി)&(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) അല്ല.

108 (1963) സഹകരണ സംഘങ്ങളിലെ നിയമനം സംബന്ധിച്ച ഹൈക്കോടതി ഉത്തരവ്

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ സംഘങ്ങളിലെ നിയമനം സംബന്ധിച്ച് കേരള ഹൈക്കോടതി നൽകിയിട്ടുള്ള ഉത്തരവിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഈ ഉത്തരവ് സഹകരണ സംഘം രജിസ്ട്രാർ എല്ലാ സംഘങ്ങളെയും അറിയിച്ചിട്ടുണ്ടോ;

(സി) ഉത്തരവിന് വിരുദ്ധമായി നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ അവ ദുർബലപ്പെടുത്തുമോ;

(ഡി) കരകുളം സർവ്വീസ് സഹകരണ ബാങ്കിൽ ഈ ഉത്തരവ് ലംഘിച്ചുകൊണ്ട് നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ എത്രപേരെ നിയമിച്ചു;

(ഇ) ഈ നിയമനങ്ങളിൽ സംവരണതത്വം പാലിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സംവരണം ചെയ്തതായി പ്രഖ്യാപിച്ചിരുന്ന സ്ഥാനത്തേക്ക് മുന്നോക്ക സമുദായത്തിൽപ്പെട്ടയാളെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ആരെയാണ്; ഏതു തസ്തികയിലാണ് നിയമിച്ചത്;

(ജി) പ്രസ്തുത നിയമനങ്ങൾ റദ്ദാക്കുമോ?

ഉത്തരം

(എ) പ്രാഥമിക സഹകരണ സംഘങ്ങളിൽ അനുവദനീയമായ ഒഴിവുള്ള തസ്തികകളിൽ സഹകരണ സർവ്വീസ് റിക്രൂട്ട്മെന്റ് ബോർഡ് നിലവിൽ വരുന്നതുവരെ നിശ്ചിത യോഗ്യതയുള്ളവരെ അതാത് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനമാത്രം നിയമനം നടത്തേണ്ടതാണ് എന്നും എന്നാൽ സാഹചര്യം അനിവാര്യമാണെങ്കിൽ മാത്രം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റോ, മറ്റു പ്രശസ്തമായ സർക്കാർ ഏജൻസിയോ മുഖേന എഴുത്തുപരീക്ഷ നടത്തി നിയമനം നടത്താൻ സഹകരണ സംഘം രജിസ്ട്രാർക്ക് സംഘങ്ങളെ അനുവദിക്കാവുന്നതാണ് എന്നതുമാണ് ഹൈക്കോടതി വിധി.

(ബി) ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സർക്കുലർ നിർദ്ദേശം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പരാതികൾ ഉണ്ടായിട്ടുണ്ട്. അവയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടക്കുന്നുണ്ട്. നിയമനം ക്രമവിരുദ്ധമാണ് എന്ന് തെളിഞ്ഞാൽ നിയമപരമായ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) 12 പേരെ നിയമിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) ഉത്തരം 'ഇ' യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ജി) അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

109 (1964) സഹകരണ വകുപ്പിലെ ഒഴിവുകൾ

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സഹകരണ വകുപ്പിൽ ഓഡിറ്റേഴ്സ് ആന്റ് ഇൻസ്പെക്ടേഴ്സ് തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഒഴിവുകൾ നികത്താൻ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ലിസ്റ്റിൽനിന്നും നിയമനം ആരംഭിച്ചിട്ടുണ്ടോ; ഒഴിവുകളിൽ താൽക്കാലിക നിയമനത്തിൽ എത്രപേർ ഇപ്പോൾ ജോലിചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സഹകരണ വകുപ്പിൽ ഇപ്പോൾ ആകെ 336 ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തിക ഒഴിവുണ്ട്. ജില്ലതിരിച്ചുള്ള കണക്ക് താഴെപ്പറയും പ്രകാരമാണ്.

LIBRARY ARCHIVES Kerala Legislative Assembly